**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.791.** **27.04.2017 ൽ മറുപടിയ്ക്ക്**

**ലഹരി വിമുക്ത കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുമ്പോഴും ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ എണ്ണം വളരെ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാർ തലത്തിൽ ഇപ്പോൾ എത്ര ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | എക്സൈസ് വകുപ്പിന് കീഴിൽ ഇപ്പോൾ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| (സി) | ഇപ്പോഴുള്ള ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളിലധികവും നഗരങ്ങളിലാണെന്നതിനാൽ ഗ്രാമീണ മേഖലയിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ നടപ്പിലാക്കി വരുന്ന 'വിമുക്തി' പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്ന വേളയിൽ ഇക്കാര്യം കൂടി പരിശോധിക്കുന്നതാണ്. |
| (ഡി) | നിലവിലുള്ള ലഹരി വിമുക്ത കേന്ദ്രങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'യുടെ ഭാഗമായി നിലവിലുള്ള ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**